

# ചേർപ്പ് ഭഗവതിയുടെ
## 1435 – ാമത്

# പെരുവനം – ആറാട്ടുപുഴ പൂരം

**2017 ഏപ്രിൽ 5-8 (കൊല്ലവർഷം 1192 മീനം 22-25)**



**ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി**

Reg:No: TSR/TC/761/2014

# പെരുവനം ആറാട്ടുപുഴ പൂരം 2017





ബഹുമാന്യരെ,

ദാ, ഇങ്ങ് ഓടിയണഞ്ഞു, ചേർപ്പിന്റെ ഉത്സവകാല ദിനരാത്രങ്ങൾ. നമുക്ക് വരവേൽക്കാം. ഒരു വലിയ ജനസമൂഹത്തിന്റെ കിടയറ്റ കൂട്ടായ്മയേയും തെളിവാർന്ന മനസ്സാക്ഷിയേയും തലമുറ-തലമുറ കൈമാറിവന്ന മഹാപൈതൃകവുമായി ഇഴചേർക്കുന്ന യജ്ഞഭൂമിയായി മാറുകയാണിനി ചേർപ്പ്. പഴമയുടെ ഈടുവെപ്പുകളിൽ നിന്ന് ചികഞ്ഞെടുത്ത്, ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ലോപമേതുമില്ലാതെ, പുതുമയുടെ താളക്രമവുമായി ചേർത്ത് നിർത്തുന്ന ചേർപ്പിന്റെ തനത് സാംസ്കാരിക സവിശേഷത. പാരമ്പര്യത്തിന്റേയും പരിചയത്തിന്റേയും ശക്തിസ്രോതസ്സുകളിൽനിന്ന് ഊർജ്ജമുൾക്കൊണ്ട് നവചൈതന്യമാർന്ന് 1435-ാം തവണയും ജനമനസ്സുകളെ ത്രസിപ്പിക്കുന്ന ചേർപ്പിന്റെ പെരുവനം-ആറാട്ടുപുഴ പൂരാഘോഷങ്ങൾ 2017 മാർച്ച് 29 ബുധനാഴ്ച മുതൽ അരങ്ങേറുന്നു.

കുംഭമാസത്തിലെ പൂരംനാളിൽ (2017 മാർച്ച് 12 ഞായറാഴ്ച) ഭഗവതിക്ഷേത്രത്തിൽ കൊടിമരം നാട്ടുന്നതോടെ സമാരംഭം കുറിച്ച് പിന്നീടങ്ങോട്ട് ഇടവേളകൾ ഏറെയില്ലാതെ വിവിധ വേദികളിൽ അരങ്ങേറുന്ന ആഘോഷ ശൃംഖലകളായി പുരോഗമിച്ച്, ഭൂമിയിലെ ഏറ്റവും വലിയ ദേവമേളയെന്ന് കീർത്തികേട്ട ആറാട്ടുപുഴയിലെ ഭക്തിസാന്ദ്രമായ സംഗമത്തിൽ ആറാടി, അത്തം നാളിലെ കൊടിയിറക്കത്തോടെ കലാശിക്കുന്നു. "ഇന്നേക്ക് 28-ാം നാൾ ആറാട്ടുപുഴ പൂരം" എന്ന് ദേവീസന്നിധിയിൽ മുഴങ്ങുന്ന വിളംബരത്തോടെ, ദേവീദേവന്മാരും ജനതതിയും ഒന്നാകെ ഉത്സവതിമിർപ്പിലാണ്ട് സർവ്വമംഗളപ്രദായിനിയായ ഭൂമിദേവിയുടെ പൂരാഘോഷങ്ങളിൽ പങ്കാളികളാകുന്നു. സഹസ്രാബ്ദങ്ങൾക്കുമുമ്പ് പെരുവനം ഗ്രാമത്തിൽ തുടക്കംകുറിച്ച 28 നാൾ ഉത്സവത്തിന്റെ ഓർമ്മകളും പുതുക്കികൊണ്ട്.

വരദായിനിയുടെ അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങാനുള്ള ഈ അപൂർവ്വാവസരം ആരും പാഴാക്കാറില്ലെന്നത് അവിതർക്കിതം. ആഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിന് താങ്കളുടെ സഹായ, സഹകരണ സാന്നിദ്ധ്യങ്ങളാണ് സർവ്വപ്രധാനം എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പ്രതീക്ഷയോടെ വിനയപുരസ്സരം ക്ഷണിക്കുന്നു.

ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റിക്കുവേണ്ടി


**കെ. രാജീവ്മേനോൻ**
(ചെയർമാൻ)
✆ 9447254520

**വേണു പ്ലാക്കൽ**
(ജനറൽ കൺവീനർ)
✆ 9446023324

**എ. ഉണ്ണികൃഷ്ണൻ**
(വൈസ് ചെയർമാൻ)
✆ 9447260740

**എം. സുജിത്ത്കുമാർ**
(ജോയിന്റ് കൺവീനർ)
✆ 9947032812

**പി.ആർ. സുബ്രഹ്മണ്യൻ (സുഭാഷ്)**
(ട്രഷറർ)
✆ 8281625058

**ഷിജീവൻ പട്ടത്ത്**
(വൈസ് ചെയർമാൻ)
✆ 9995504366

**കെ.എസ്. ഗിരീഷ്**
(ജോയിന്റ് കൺവീനർ)
✆ 9847443230






# പെരുവനം ആറാട്ടുപുഴ പൂരം 2017



## ആഘോഷപരിപാടികൾ ഒറ്റനോട്ടത്തിൽ

| | |
|---|---|
| കൊടിമരം നാട്ടൽ | - 2017 മാർച്ച് 12 ഞായറാഴ്ച (1192 കുംഭം 28) |
| അശ്വതി വേല | - 2017 മാർച്ച് 29 ബുധനാഴ്ച (1192 മീനം 15) |
| മകീര്യം പുറപ്പാട് | - 2017 ഏപ്രിൽ 2 ഞായറാഴ്ച (1192 മീനം 19) |
| തിരുവാതിര ആറാട്ട് | - 2017 ഏപ്രിൽ 3 തിങ്കളാഴ്ച (1192 മീനം 20) |
| പുണർതം ആറാട്ട് | - 2017 ഏപ്രിൽ 4 ചൊവ്വാഴ്ച (1192 മീനം 21) |
| പെരുവനം പൂരം | - 2017 ഏപ്രിൽ 5 ബുധനാഴ്ച (1192 മീനം 22) |
| ആയില്യം ആറാട്ട് | - 2017 ഏപ്രിൽ 6 വ്യാഴാഴ്ച (1192 മീനം 23) |
| മകം ആറാട്ട് | - 2017 ഏപ്രിൽ 7 വെള്ളിയാഴ്ച (1192 മീനം 24) |
| ആറാട്ടുപുഴ പൂരം | - 2017 ഏപ്രിൽ 8 ശനിയാഴ്ച (1192 മീനം 25) |
| ഉത്രം പാട്ട് | - 2017 ഏപ്രിൽ 9 ഞായറാഴ്ച (1192 മീനം 26) |
| കൊടികുത്ത്പൂരം | - 2017 ഏപ്രിൽ 10 തിങ്കളാഴ്ച (1192 മീനം 27) |



## കൊടിമരത്തിന്റെ വരവ്



ചേർപ്പ് ഭഗവതിക്ഷേത്രത്തിലെ കൊടിമരംനാട്ടൽ പെരുവനം-ആറാട്ടുപുഴ പൂരോത്സവത്തിന്റെ നാന്ദികുറിക്കുന്നു. 2017 മാർച്ച് 12 ഞായറാഴ്ച (1192 കുംഭം 28) പൂരം നാളിൽ വൈകീട്ട് ക്ഷേത്രത്തിൽ നിന്ന് മുഴങ്ങുന്ന ശംഖനാദം ഭക്തജനങ്ങൾക്കും ഉത്സവ പ്രേമികൾക്കും ഉണർത്തുപാട്ടാണ്. അവർ തിരുനടയിൽ ഒത്തുചേരുന്നു. കൊടിമരത്തിനുള്ള കവുങ്ങ് അന്വേഷിക്കേണ്ട ദിശ നിശ്ചയിക്കുന്നതാണ് ആദ്യചടങ്ങ്. ദേശത്തെ കാരണവർ, ദേവിക്ക് അഭിമുഖമായി നിന്ന് ഒരു ചെറിയ വടി എറിയുന്നു. വടി ചൂണ്ടിയ വഴിയേ ആർപ്പുവിളിയും ആരവങ്ങളുമായി ഭക്തജനങ്ങൾ കൂട്ടമായി നീങ്ങുകയായി. താമസിയാതെ തന്നെ പറ്റിയ ഒരു കവുങ്ങ് കണ്ടെത്തുന്നതാണ് തെറ്റാത്ത കീഴ്വഴക്കം. മുറിച്ച കവുങ്ങ് നിലംതൊടാതെ തോളിലേന്തി ക്ഷേത്രത്തിലെത്തിക്കുന്നു, ഭക്തജനങ്ങൾ. അവകാശിയായ ആശാരിയുടേതാണ് അടുത്ത ഊഴം. കവുങ്ങ് ചെത്തിമിനുക്കി 'നാക്ക്' ഉറപ്പിച്ച് ആലിലയും മാവിലയും ചാർത്തി ഭക്തജനങ്ങൾ ഉത്സാഹത്തോടെ അളവൊത്ത കൊടിമരം യഥാസ്ഥാനത്ത് നാട്ടുന്നു. "ഇന്നേക്ക് 28-ാം നാൾ ആറാട്ടുപുഴ പൂരം" എന്ന് അവിടെ കൂടിയവർ വിളിച്ചു ചൊല്ലുന്നതോടെ നാടൊട്ടാകെ പൂരത്തിന്റെ ആരവം ഉയരുകയായി.



പെരുവനം ആറാട്ടുപുഴ 2017 പൂരം



# അശ്വതിവേല

ആചാരസമൃദ്ധമായ അശ്വതിവേല നാൾ ആകർഷകമായ ഒട്ടുവളരെ ചടങ്ങുകൾ ആഘോഷങ്ങൾക്ക് മിഴിവേകുന്നു.

**2017 മാർച്ച് 29 ബുധനാഴ്ച (1192 മീനം 15)**



## കൊടിയേറ്റം – രാവിലെ 8 മണിക്ക്

ക്ഷേത്രം ഊരായ്മക്കാർ, ഭക്തജനങ്ങളുടേയും ക്ഷേത്രഭാരവാഹികളുടേയും സാന്നിദ്ധ്യത്തിൽ കൊടിമരത്തിൽ കൊടിക്കൂറ ഉയർത്തുന്നു. ദർഭപ്പുല്ല് കൊടിമരത്തിനു ചുറ്റും ചാർത്തി കെട്ടി ഉറപ്പിക്കുന്നതോടുകൂടി കൊടിയേറ്റ ചടങ്ങ് അവസാനിക്കുന്നു.

## അശ്വതിപ്പണം വെയ്ക്കൽ – വൈകീട്ട് 7 മണിക്ക്



ദീപാരാധനയ്ക്കുശേഷം ക്ഷേത്രബലിക്കൽ പുരയിൽ കൊളുത്തിവെച്ച നിലവിളക്കിനുമുമ്പിൽ ഊരായ്മക്കാരുടെ സാന്നിദ്ധ്യത്തിൽ അശ്വതിപ്പണം വെയ്ക്കൽ നടക്കുന്നു. സമ്പദ്സമൃദ്ധിക്കും സന്താനലബ്ധിക്കും ഉത്തമമായ വഴിപാടാണ് അശ്വതിപ്പണം വെയ്ക്കൽ.

## തേങ്ങാമുറിവിളക്ക് – രാത്രി 8 മണിക്ക്

ശീവേലികഴിഞ്ഞ് നാലമ്പലത്തിലേക്ക് പ്രവേശിക്കുന്ന ഭഗവതിയെ ഭക്തജനങ്ങൾ വഴിപാടായി സമർപ്പിക്കുന്ന നൂറുക്കണക്കിന് തേങ്ങാമുറികളിൽ വെളിച്ചെണ്ണ ഒഴിച്ച് ശ്രീകോവിലിനുചുറ്റും തിരിതെളിയിച്ച് സ്വീകരിക്കുന്നു. വിളക്കാചാരം, ഇടയ്ക്കപ്രദക്ഷിണം, മേളം, സോപാനസംഗീതം തുടങ്ങി ഭക്തിസാന്ദ്രമായ ചടങ്ങുകൾ കണ്ണിനും കാതിനും കുളിർമയേകുന്ന അനുഭവമായി മാറുന്നു. പ്രത്യേകം തയ്യാറാക്കിയ പഴുക്കാമണ്ഡപത്തിലേക്ക് ഭഗവതിയെ എഴുന്നെള്ളിക്കുന്നു. തുടർന്ന് കേളി, കൊമ്പ്പറ്റ്, കുഴൽപ്പറ്റ് എന്നിവക്കുശേഷം മേളത്തോടുകൂടി ശ്രീകോവിലിലേക്ക് ആനയിക്കുന്നു.

## എഴുന്നെള്ളിപ്പ് – രാത്രി 10.30ന്

മൂന്ന് ഗജവീരന്മാരുടെ അകമ്പടിയോടെ എഴുന്നെള്ളുന്ന ഭഗവതിക്ക് മുമ്പിൽ പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ നടക്കുന്ന പഞ്ചാരിമേളം താളലയ വിസ്മയങ്ങളുടെ രംഗവേദിയൊരുക്കുന്നു. പെരുവനം-ആറാട്ടുപുഴ പൂരങ്ങളുടെ നാന്ദികുറിക്കുന്ന ഈ എഴുന്നെള്ളിപ്പ് ക്ഷേത്രമതിൽക്കകത്ത് മാത്രമായിട്ടാണ് നടക്കുന്നത്. മേളത്തിനുശേഷം ഇടയ്ക്കപ്രദക്ഷിണം കഴിഞ്ഞ് ഭഗവതിയെ ശ്രീകോവിലിലേക്ക് എഴുന്നെള്ളിക്കുന്നു.





# വെളിച്ചെണ്ണ സമർപ്പണം

**(വൈകീട്ട് 4.30 മുതൽ)**

ക്ഷേത്രത്തിലും ഭഗവതിയുടെ പൂരച്ചടങ്ങിനുമെല്ലാം വെളിച്ചെണ്ണ മാത്രമേ ഉപയോഗിക്കാവൂ എന്നുള്ളത് ഇവിടുത്തെ മാത്രം ഒരു പ്രത്യേകതയത്രേ! ചേർപ്പ് ഭഗവതിക്ക് ഏറ്റവും പ്രിയങ്കരമായ വഴിപാടുകളിലൊന്നാണ് വെളിച്ചെണ്ണ സമർപ്പണം. സർവൈശ്വര്യത്തിനും വിദ്യാഭ്യാസ ഉന്നതിക്കും അത്യുത്തമമാണ് വെളിച്ചെണ്ണ സമർപ്പണം.

ഇന്നേദിവസം ക്ഷേത്രാവശ്യങ്ങൾക്കും പൂരചടങ്ങുകൾക്കും ആവശ്യമായ വെളിച്ചെണ്ണ നൂറുകണക്കിന് ഭക്തജനങ്ങൾ ഭഗവതിയുടെ തിരുനടയിൽ വഴിപാടായി സമർപ്പിക്കുന്നു.



## ചമയ സമർപ്പണം

**2017 ഏപ്രിൽ 1 ശനിയാഴ്ച**
**(1192 മീനം 18)**

രോഹിണി നാളിൽ വൈകീട്ട് പൂരത്തിനാവശ്യമായ ചമയങ്ങൾ ഭക്തജനങ്ങൾ ഭഗവതിക്ക് മുമ്പിൽ വഴിപാടായി സമർപ്പിക്കുന്നു.



## മകീര്യം പുറപ്പാട്

**2017 ഏപ്രിൽ 2 ഞായറാഴ്ച (1192 മീനം 19)**

പെരുവനം - ആറാട്ടുപുഴ പൂരങ്ങളോടനുബന്ധിച്ച് ഭഗവതി ആദ്യമായി ക്ഷേത്രമതിൽക്കെട്ടിന് പുറത്തിറങ്ങുന്നത് മകയിരം നാളിലാണ്. ഇന്നേദിവസം വൈകീട്ട് 6 മണിക്ക് അരി അളവ്, ബ്രാഹ്മിണിപാട്ട്, വലിയപാണി എന്നിവക്കുശേഷം മേളത്തോടു കൂടി പ്രദക്ഷിണം കഴിഞ്ഞ് ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ 7 ഗജവീരന്മാരുടെ അകമ്പടിയോടെ പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ 150ൽപരം മേളകലാകാരന്മാർ അണിനിരക്കുന്ന പാണ്ടിമേളത്തോട് കൂടിയ എഴുന്നെള്ളിപ്പ് ദൃശ്യ - ശ്രാവ്യ വിസ്മയങ്ങൾ ഉണർത്തുന്നു. രാത്രി 10 മണിയോട്കൂടി മേളം കലാശിച്ചശേഷം, എഴുന്നെള്ളിപ്പ് ചിറയുടെ സമീപം എത്തുമ്പോൾ അടിയന്തിരമാരാർ പട്ടിണിശംഖ് ചടങ്ങ് നടത്തുന്നു. തുടർന്ന് നാദസ്വരത്തിന്റെ അകമ്പടിയോടെ വഴി നീളെ ഭക്തജനങ്ങളുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി പെരുവനം ക്ഷേത്രത്തിലെത്തുന്ന ഭഗവതിക്ക് പെരുവനം നടവഴിയിൽ വർണ്ണപൊലിമയാർന്ന സ്വീകരണം. തുടർന്ന് തൊടുകുളത്തിൽ ആറാട്ട്. ആറാട്ടിനുശേഷം ചേർപ്പ് ചിറ്റൂർ മനയ്ക്കൽ ആദ്യപറ സ്വീകരിച്ച് ചെറുചേനം ദേശത്തെ സ്വീകരണത്തിനും പറയെടുപ്പിനും ശേഷം അമ്പലപ്പിള്ളിമനയിൽ ഇറക്കി പൂജ. അതുകഴിഞ്ഞ് ക്ഷേത്രത്തിൽ തിരിച്ചെത്തി പൂജകൾക്കും ശ്രൂഭൂതബലിക്കും ശേഷം നട അടക്കുന്നു.

### തിരുവാതിര ആറാട്ട് (മിത്രാനന്ദപുരം ക്ഷേത്രകുളം) 2017 ഏപ്രിൽ 3 തിങ്കളാഴ്ച (1192 മീനം 20)

പോട്ടയിൽ മാരാരുടെ "ശ്രാദ്ധം ഊട്ടിയോ" എന്ന ക്ഷേത്രം മേൽശാന്തിയുടെ ചോദ്യത്തിന് അടിയന്തിരമാരാരുടെ "ഉവ്വ്" എന്ന മറുപടിക്കുശേഷമേ തിരുവാതിര ആറാട്ടിന് മിത്രാനന്ദപുരത്തേക്ക് പുറപ്പെടാൻ പാണികൊട്ടുകയുള്ളൂ. രാവിലെ 9 മണിക്ക് ക്ഷേത്രത്തിൽനിന്നും പുറപ്പെട്ട് മിത്രാനന്ദപുരം ക്ഷേത്രകുളത്തിൽ ആറാട്ടിനുശേഷം പെരുമ്പിള്ളിശ്ശേരി ഇടപ്പലത്തുമനയിൽ ഇറക്കിപൂജ. വൈകീട്ട് 4 മണിക്ക് പൂത്തറയ്ക്കൽ, പെരുമ്പിള്ളിശ്ശേരി കീഴില്ലം നഗർവരെ പോയി പറകൾ സ്വീകരിച്ച് തിരിച്ച് 6 മണിയോട്കൂടി ചിറ്റൂർ മനയ്ക്കൽ പടിക്കൽപൂരം കഴിഞ്ഞ് ഇറക്കിപൂജ. 7.30ന് പഴേടത്തുമനയ്ക്കൽ ഇറക്കിപൂജ. തുടർന്ന് വഴിനീളെ നൂറുക്കണക്കിന് ചിരാത് വിളക്കിന്റെ പൊൻപ്രഭയിൽ പണ്ടാരച്ചിറയിലെ പറകളും, സ്വീകരണവും ഏറ്റുവാങ്ങി ഭഗവതി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.

### പുണർതം ആറാട്ട് - നറുകുളങ്ങര പൂരം 2017ഏപ്രിൽ 4 ചൊവ്വാഴ്ച (1192 മീനം 21)

വൈകീട്ട് 6.30ന് ക്ഷേത്രത്തിൽ നിന്നും പുറപ്പെട്ട് പെരുവനം ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ മൂന്ന് ഗജവീരന്മാരുടെ അകമ്പടിയോടും പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ പഞ്ചാരിമേളത്തോടുംകൂടി നറുകുളങ്ങര ക്ഷേത്രത്തിലേക്കു എഴുന്നെള്ളുന്നു. നറുകുളങ്ങര ക്ഷേത്രനടപ്പുരയിൽ മേളം കലാശിച്ച് ക്ഷേത്രകുളത്തിൽ ആറാട്ടിനുശേഷം ദേവി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നതോട്കൂടി ചടങ്ങുകൾ അവസാനിക്കുന്നു.


K.P. NAMBOODIRI'S
കെ.പി.നമ്പൂതിരീസ്
ALOE VERA
HERBAL TOOTHPASTE
NEW
Total cavity protection
Only ₹70/- 250 ml
Herbal Mouthwash (Alcohol Free)
മൗത്ത്‌വാഷ്
ALOE VERA
Nature's Wonder, Now for Oral Care...
Natural Salt (ഇന്തുപ്പ്)
ഹെർബൽ ജെൽ ടൂത്ത്പേസ്റ്റ്
ഹെർബൽ ടൂത്ത്പേസ്റ്റ്
ദന്തധാവനചൂർണ്ണം
Bathing bar with Herbal Oils
AEDA
GLYCERINE
Natural Green
Clear & Soft
Natural Green Soap
സാൻഡൽ
മഞ്ഞൾ
രാമച്ചം
AEDA Herbal Skin Care Soap
Traditional way of cleansing and nourishing hair
Ayurvedic Hair Care
ചെമ്പരത്തി താളി
ആയുർവേദിക് ഹെയർ കെയർ ഓയിൽ
ആയുർവേദിക് ഹെയർ കെയർ ഷാംപൂ
ആയുർവേദിക് ആൻറി ഡാൻഡ്രഫ് ഷാംപൂ
Healthy, glowing skin for your confidence
FOR NATURAL FAIRNESS
Turmeric Fairness Cream
ദാഹമുക്തി
പതിമുഖം
വാസനദസ്മം
Back to Nature...
www.kpnamboodiris.com

# പെരുവനം പൂരം

**2017 ഏപ്രിൽ 5 ബുധനാഴ്ച (1192 മീനം 22)**



**ചമയപ്രദർശനം:**

വൈകീട്ട് 6 മണിക്ക് പെരുവനം ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ ചേർപ്പ് ഭഗവതിയുടെ പൂരാഘോഷങ്ങൾക്ക് ഉപയോഗിക്കുന്ന തനതു ക്ലാസ്സിക്കൽ ശൈലിയിൽ പണിതീർത്ത ആനച്ചമയങ്ങളുടെ പ്രദർശനം പൂരാസ്വാദകർക്കായി ഒരുക്കുന്നു.

രാത്രി 10.30ന് വലിയപാണിക്കുശേഷം ഭഗവതി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട് തായംകുളങ്ങരയിലെത്തി മൂന്ന് ഗജവീരന്മാരുടെ അകമ്പടിയിൽ പ്രമുഖ കലാകാരന്മാർ പങ്കെടുക്കുന്ന മേജർസെറ്റ് പഞ്ചവാദ്യം ആരംഭിക്കുന്നു. മേക്കാവ് ഭഗവതിക്ഷേത്രത്തിന്റെ വടക്കേനടയിൽ പഞ്ചവാദ്യം അവസാനിച്ച് കരിമരുന്ന് പ്രയോഗത്തിനുശേഷം നാദസ്വരത്തിന്റെ അകമ്പടിയോടുകൂടി മേക്കാവ് ക്ഷേത്രമതിൽക്കകത്തുകൂടെ കിഴക്കേനടയിലേക്കെത്തുന്നു. അവിടെനിന്നും പാണ്ടിമേളത്തോട് കൂടി പെരുവനം ക്ഷേത്രത്തിൽ പ്രവേശിച്ച് ഇരട്ടയപ്പന്റെ നടയിൽ എത്തുമ്പോൾ ഏതാനും നിമിഷം മേളം നിർത്തി ഊരാളന്മാർ ഇറക്കക്കാരുണ്ടോ? എന്ന് വിളിച്ച് ചോദിക്കുന്നു. ചോദ്യത്തിന് 'ഉണ്ട് ' എന്ന മറുപടിയുമായി അയ്കുന്ന് ഭഗവതി ചേർപ്പ് ഭഗവതിയുടെ വലതുഭാഗത്തു എഴുന്നെള്ളി പ്രദക്ഷിണമായി കിഴക്കേനടയിൽ എത്തുന്നതോടുകൂടി പാണ്ടിമേളം കൊട്ടികലാശിക്കുന്നു.

കുഴൽപ്പറ്റ്, കൊമ്പ്പറ്റ് എന്നിവയ്ക്കുശേഷം പുലർച്ചെ 4.30ഓടുകൂടി പഞ്ചാരിമേളത്തിന്റെ ഈറ്റില്ലമായ പെരുവനം നടവഴിയിൽ ചരിത്രപ്രസിദ്ധമായ പഞ്ചാരിമേളം ആരംഭിക്കുന്നു. ഏഴ് ഗജവീരന്മാർ അണിനിരക്കുന്ന ഭഗവതിയുടെ എഴുന്നെള്ളിപ്പിന് പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ പ്രമാണത്തിൽ 250 - ൽപരം കലാകാരന്മാർ നാദപ്രപഞ്ചം തീർക്കുന്നു.

പുലർച്ചെ സൂര്യകിരണങ്ങൾ കോലത്തിലും ഗോളകയിലും തലേക്കെട്ടുകളിലും പൊൻപ്രഭ വിതറുന്ന കാഴ്ച നമ്മെ ദൃശ്യവിസ്മയങ്ങളുടെ മറ്റൊരു ലോകത്തേക്ക് നയിക്കുന്നു. മേളം കൊട്ടികലാശിച്ച് പട്ടിണിശംഖിന് ശേഷം ഭഗവതിമാർ ആറാട്ടുമണ്ഡപത്തിൽ ഇരു പീഠങ്ങളിലായി എഴുന്നെള്ളുന്നു. ഇരു ഭഗവതിമാരുടേയും ചേർന്നുള്ള ആറാട്ടിനുശേഷം പെരുവനത്തപ്പനെ പ്രദക്ഷിണം വെച്ച് അയ്കുന്ന് ഭഗവതിയുമായി ഉപചാരം ചൊല്ലുന്നു. തുടർന്ന് തെക്കേനടയിൽ ആറാട്ടുപുഴ ശാസ്താവുമായി ഉപചാരം ചൊല്ലൽ. അതിനുശേഷം ഭഗവതി ക്ഷേത്രത്തിലേക്ക് മടങ്ങുന്നതോടുകൂടി പെരുവനം പൂരത്തിന് സമാപ്തിയാകുന്നു.





## ആയില്യം ആറാട്ട് (പിടിക്കപെറമ്പ് ശിവക്ഷേത്രം)

**2017 എപ്രിൽ 6 വ്യാഴാഴ്ച (1192 മീനം 23)**

വൈകീട്ട് 5 മണിയോടുകൂടി ഭഗവതിക്ഷേത്രത്തിൽനിന്നും എഴുന്നെള്ളി പെരുവനം, നറുകുളങ്ങര, പൂച്ചിന്നിപ്പാടം, ഊരകം, വല്ലച്ചിറ വഴി പിടിക്കപറമ്പിൽ എത്തുന്നു. ഭക്തരുടെ സ്വീകരണങ്ങളും നിറപറകളും സ്വീക രിച്ച് പൂരച്ചടങ്ങുകൾക്ക് ശേഷം പിടിക്കപറമ്പ് ക്ഷേത്രക്കുളത്തിൽ ആറാട്ട്. തുടർന്ന് പിടിക്കപറമ്പ് ശിവക്ഷേത്രത്തിൽ ഇറക്കി എഴുന്നെള്ളിക്കുന്നു. പിറ്റേന്നു രാവിലെ 8 മണിക്ക് പിടിക്കപറമ്പിൽ നിന്നെഴുന്നള്ളി ഭഗവതി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.

## മകം ആറാട്ട്

**2017 എപ്രിൽ 7 വെള്ളിയാഴ്ച (1192 മീനം 24)**

വൈകീട്ട് 6 മണിയോടെ ക്ഷേത്രത്തിൽ നിന്നും പുറപ്പെട്ട് കുളത്തൂർ റോഡിലെ സ്വീകരണമേറ്റുവാങ്ങി വഴി നീളെ നിറപറകൾ സ്വീകരിച്ച് പെരുവനം തൊടുകുളത്തിൽ ആറാട്ട്. തുടർന്ന് തന്ത്രി ഇല്ലമായ പടിഞ്ഞാറേടത്തു മനയ്ക്കൽ ഇറക്കി പൂജയ്ക്കുശേഷം തായംകുളങ്ങര സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ പ്രദക്ഷിണം കഴിഞ്ഞ് പെരുമ്പിള്ളിശ്ശേരി കിരാങ്ങാട്ട് മനയിൽ ഇറക്കിപ്പൂജ. തുടർന്ന് ഭഗവതി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.





# ആറാട്ടുപുഴ പൂരം

2017 ഏപ്രിൽ 8 ശനിയാഴ്ച (1192 മീനം 25)



ചേർപ്പ് ഭഗവതി ആറാട്ടുപുഴ പൂരം ദിവസം രാത്രി 1 മണിയോടു കൂടി കൂട്ടിയെഴുന്നള്ളിപ്പിൽ പങ്കെടുക്കാനായി പുറപ്പെടുന്നു. നാലുംകൂടിയ വഴി, പണ്ടാരച്ചിറ, ഊരകം, കൊറ്റംകുളങ്ങരക്ഷേത്രം, തേവർ റോഡ് വഴി ആറാട്ടുപുഴ പാടത്ത് കൈതവളപ്പിന് സമീപം തെക്കോട്ടിറങ്ങുന്നു. തുടർന്ന് പെരുവനം കുട്ടൻമാരാരുടെ നേതൃത്വത്തിൽ പാണ്ടിമേളം ആരംഭിച്ച് തൃപ്രയാർ തേവരെ പ്രദക്ഷിണം ചെയ്ത് വലതുഭാഗത്തേക്കിറങ്ങി 35 - ൽപരം ഗജവീരന്മാരുടെ അകമ്പടിയോടെ അണിനിരക്കുന്നു. ഇതോടുകൂടി അതിപ്രസിദ്ധമായ കൂട്ടി എഴുന്നള്ളിപ്പിന് ആരംഭം കുറിക്കുന്നു. തത്സമയം ഊരകത്തമ്മതിരുവടി ചാത്തക്കുടം ശാസ്താവുമായി ചേർന്ന് ഇടതുഭാഗത്ത് ഗജവീരന്മാരോടെ അണിനിരക്കുന്നതോടുകൂടി ഭൂമിയിലെ വൈകുണ്ഠദർശനം ആരംഭിക്കുന്നു. വർഷത്തിലൊരിക്കൽ മാത്രം ലഭിക്കുന്ന അസുലഭ മുഹൂർത്തം.

വൈകുണ്ഠത്തിൽ അനന്തശായിയായ സാക്ഷാൽ മഹാവിഷ്ണു ഭൂമിദേവിയോടും ലക്ഷ്മീദേവിയോടും കൂടി വിരാജിക്കുകയാണെന്നുള്ള സങ്കൽപത്തിൽ ഭക്തിസാന്ദ്രമായ ഈ ദർശനത്തിന് സാക്ഷ്യം വഹിക്കാൻ അനേകായിരം ഭക്തജനങ്ങൾ ഒത്തുചേരുന്നു. ശംഖുചക്രഗദാധാരിയായ വിഷ്ണുഭഗവാൻ വസുന്ധര ലക്ഷ്മീമാരോടുകൂടി എഴുന്നള്ളി അനുഗ്രഹവർഷം ചൊരിയുന്ന സമയത്ത് പ്രദക്ഷിണം വെച്ച് തൊഴുന്നത് സർവ്വാഭീഷ്ടദായകവും മോക്ഷദായകവുമാണ്. ഈ പുണ്യദർശനത്തിനുശേഷം തൃപ്രയാർ തേവരും, ഭഗവതിമാരും ആറാട്ടിനായി മന്ദാരം കടവിലേക്ക് എഴുന്നെള്ളുന്നു. പ്രത്യേകം സജ്ജമാക്കിയിട്ടുള്ള മണ്ഡപങ്ങളിൽ ഇറക്കി എഴുന്നള്ളിപ്പും താന്ത്രിക വിധിപ്രകാരമുള്ള ചടങ്ങുകളും നടക്കുന്നു. അതിനുശേഷം തൃപ്രയാർ തേവർക്കൊപ്പം ദേവിമാർ ആറാടുന്നു. ഈ സമയത്ത് മന്ദാരം കടവിൽ പുണ്യനദിയായ ഗംഗയുടെ സാന്നിദ്ധ്യം ഉണ്ടാകുമെന്നാണ് വിശ്വാസം. പവിത്രമായ ഈ ആറാട്ടിൽ പങ്കെടുത്ത് ഭക്തജനങ്ങൾ നിർവൃതിയടയുന്നു.

ചേർപ്പ് ഭഗവതി ആറാട്ടിനുശേഷം ആറാട്ടുപുഴ ക്ഷേത്രത്തിൽ എത്തി നിറപറകൾ സ്വീകരിച്ച് ക്ഷേത്രം പ്രദക്ഷിണം വെച്ച് ആതിഥേയനായ ആറാട്ടുപുഴ ശാസ്താവിന് ഉപചാരം പറഞ്ഞ് യാത്രയാകുന്നു. തുടർന്ന് ആറാട്ടുപുഴ ശാസ്താവ് ഏഴുകണ്ടം വരെ വന്ന് ഭഗവതിയെ യാത്രയാക്കുന്ന കാഴ്ച അങ്ങേയറ്റം ഭക്തിനിർഭരവും നയനാനന്ദകരവുമാണ്.


പല്ലിശ്ശേരി, ഊരകം സെന്റർ, തായംകുളങ്ങര, ചിറ്റൂർ മനറോഡ് വഴി ഭഗവതി ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു. പൂരം കഴിഞ്ഞ് തിരിച്ചെത്തുന്ന ഭഗവതിയെ ക്ഷേത്രനടയിൽ ഭക്തജനങ്ങൾ നിറപറ വെച്ച് സ്വീകരിക്കുന്നു. തുടർന്ന് പുണ്യാഹം, പൂജ, ശ്രീഭൂതബലി തുടങ്ങിയ താന്ത്രിക ചടങ്ങോടുകൂടി ആറാട്ടുപുഴ പൂരചടങ്ങുകൾക്ക് സമാപനം കുറിക്കുന്നു.







ARATTUPUZHA POORAM



കൂട്ടി എഴുന്നള്ളിപ്പ്
(പുലർച്ചെ 5 മണിക്ക്)



## ഉത്രം പാട്ട്
**2017 ഏപ്രിൽ 9 ഞായറാഴ്ച (1192 മീനം 26)**

ഉത്രംനാളിൽ രാത്രി 7 മണിയോടുകൂടി വലിയമ്പലത്തിൽ പ്രത്യേകം അലങ്കരിച്ച് വിതാനിച്ച സ്ഥലത്ത് ഭഗവതിയെ എഴുന്നെള്ളിച്ച് വച്ച് ബ്രാഹ്മണി അമ്മ ദേവിയെ സ്തുതിച്ചുകൊണ്ടുള്ള ഗീതങ്ങൾ പാടുന്നു. പാട്ടിനുശേഷം ഭഗവതിയെ ശ്രീലകത്തേക്ക് എഴുന്നെള്ളിക്കുന്നു.

ഇന്നേദിവസം രാത്രി ആറാട്ടുപുഴ ശാസ്താവ് ഭഗവതിയുടെ ക്ഷേത്രത്തിലേക്ക് എത്തുന്ന ചടങ്ങ് നമ്മുടെ സംസ്ക്കാരത്തിന്റെ പ്രൗഢിയും പാരമ്പര്യവും വിളിച്ചോതുന്നു.





## അത്തം
## കൊടികുത്ത് പൂരം
**2017 ഏപ്രിൽ 10 തിങ്കളാഴ്ച (1192 മീനം 27)**

അത്തം നാളിൽ രാവിലെ അയ്കുന്ന് ഭഗവതി ക്ഷേത്രത്തിലെത്തി നിറപറകൾ സ്വീകരിച്ച് പ്രദക്ഷിണം വെച്ച് മടങ്ങുന്നു.

ഉച്ചതിരിഞ്ഞ് 2 മണിയോടുകൂടി ചേർപ്പ് ഭഗവതി ക്ഷേത്രത്തിൽ നിന്നും എഴുന്നള്ളി തിരുവുള്ളക്കാവ് ശാസ്താ ക്ഷേത്രത്തിൽ എത്തി പ്രദക്ഷിണം വെച്ച് കൊടിമരം തൊട്ട് വണങ്ങി പെരുവനത്തേക്ക് തിരിക്കുന്നു.

പെരുവനം കിഴക്കേ നടവഴിയിൽ നിന്ന് പൂരം കൊട്ടിക്കയറി പെരുവനം ക്ഷേത്രത്തിൽ എഴു പ്രദക്ഷിണം. തുടർന്ന് പുത്തൻകുളം പരിസരത്തെ നിറപറകളും സ്വീകരണവും കഴിഞ്ഞ് ക്ഷേത്രത്തിലേക്ക് തിരിച്ചെഴുന്നള്ളുമ്പോൾ 3 ഗജവീരന്മാരുടെ അകമ്പടിയിൽ പഞ്ചവാദ്യം. പഞ്ചവാദ്യം കൊട്ടികലാശിച്ചതിനുശേഷം ക്ഷേത്രത്തിൽ പ്രവേശിച്ച് 9 പ്രദക്ഷിണം കഴിഞ്ഞ് ഇറക്കി എഴുന്നള്ളിക്കുന്നതോടുകൂടിത്തന്നെ അശ്വതി നാളിൽ ഉയർത്തിയ കൊടിക്കൂറ അഴിക്കുന്നു. ചമയങ്ങൾ ഇല്ലാതെ ആന ഒരു പ്രദക്ഷിണം വെച്ച് കൊടിമരം കുത്തി താഴെയിട്ട് കിഴക്കേനടയിൽ കൊണ്ടിടുന്നു. ഇതോടുകൂടി പൂരത്തിന്റെ എല്ലാ ചടങ്ങുകളും ആഘോഷങ്ങളും പരിസമാപ്തിയാകുന്നു.





# നാദവിസ്മയം


## തീർക്കുന്നവർ



### ഉരുട്ടുചെണ്ട
പത്മശ്രീ പെരുവനം കുട്ടൻമാരാർ,
കേളത്ത് അരവിന്ദാക്ഷൻ, പെരുവനം സതീശൻ മാരാർ,
പഴുവിൽ രഘുനാഥ്, ചൊവ്വല്ലൂർ മോഹനൻ,
പെരുവനം ശങ്കരനാരായണൻ, പെരുവനം ഗോപകുമാർ,
പെരുവനം അനിൽകുമാർ.



### വലന്തല
ശ്രീ പെരുവനം ഗോപാലകൃഷ്ണൻ, കൊടകര സജി,
ചെറുശ്ശേരി രാമദാസ്, അന്തിക്കാട് പത്മനാദൻ, പെരു
വനം പ്രകാശ് പിഷാരടി



### കുറുംകുഴൽ
ശ്രീ വെളപ്പായ നന്ദനൻ, കൊമ്പത്ത് അനിൽകുമാർ,
കൊമ്പത്ത് ചന്ദ്രൻ



### കൊമ്പ്
ശ്രീ കുമ്മത്ത് രാമൻകുട്ടി, പൈപ്പോത്ത് ഉണ്ണികൃഷ്ണൻ,
കൊമ്പത്ത് ശശി, കോങ്ങാട് രാധാകൃഷ്ണൻ,
തൃക്കൂർ അനിലൻ, കുമ്മത്ത് ഗിരീഷ്




### താളം
ശ്രീ മണിയംപറമ്പിൽ മണി, കുമ്മത്ത് നന്ദനൻ,
പൈപ്പോത്ത് രാജൻ, പെരുവനം മുരളി



### തിമില
ശ്രീ ചോറ്റാനിക്കര സുഭാഷ് നാരായണൻ മാരാർ,
പെരുവനം കൃഷ്ണകുമാർ, ഒറ്റപ്പാലം ഹരി,
കൊടുന്തിരപ്പിള്ളി മനോജ്, ഉദയനാപുരം ഹരി,
കലാമണ്ഡലം പ്രദീപ്, കലാമണ്ഡലം വിനയൻ,
മുടിക്കോട് ഉണ്ണികൃഷ്ണൻ, മുടിക്കോട് ശ്രീജിത്ത്,
പുതുക്കോട് ശരത്



### മദ്ദളം
ശ്രീ കല്ലേകുളങ്ങര കൃഷ്ണവാര്യർ,
പെരുവനം ഹരിദാസ്, കയില്യാട് മണികണ്ഠൻ,
പനങ്ങാട്ടുകര പുരുഷോത്തമൻ,
കലാമണ്ഡലം പ്രകാശ്, സദനം ഭരതരാജ്



### ഇടയ്ക്ക
ശ്രീ തിരുവില്ല്വാമല ഹരി, പല്ലാവൂർ സന്തോഷ്


തിരുവമ്പാടി
ശിവസുന്ദർ


തിരുവമ്പാടി
ചന്ദ്രശേഖരൻ


തിരുവാണിക്കാവ്
രാജഗോപാലൻ


അന്നമനട
ഉമാമഹേശ്വരൻ


പാല
കുട്ടിശങ്കരൻ


പാറന്നൂർ
നന്ദൻ


ബാസ്റ്റ്യൻ
വിനയസുന്ദർ

| | | |
|---|---|---|
| ആനപ്പുറം | - | ശ്രീ. മുണ്ടാരപ്പിള്ളി ശങ്കരൻ നമ്പൂതിരി, ശ്രീ. പ്രസാദ് തിരുമേനി |
| നാദസ്വരം | - | ശ്രീ. സതീശൻ വല്ലച്ചിറ |
| കൈവിളക്ക് | - | ശ്രീ. മുരളി |
| ദീപാലങ്കാരം | - | ക്ലാസ്സിക് സൗണ്ട്, തിരൂർ |
| പന്തൽ | - | അനിഴം പന്തൽ വർക്സ്, ചേർപ്പ് |
| ഫോട്ടോസ് | - | പ്രദ, ചേർപ്പ് (ഇലക്ട്രോണിക്ക സ്റ്റുഡിയോ) |
| ഫ്രണ്ട് കവർ ഡിസൈൻ | - | രാജു (സിനാരിയോ സ്റ്റുഡിയോ) |

## 2016–ലെ പൂരങ്ങൾക്ക് ചമയം സമർപ്പിച്ചവർ

| | | |
|---|---|---|
| ഗീത സിദ്ധാർത്ഥൻ | - | പട്ടുകുട |
| ഭവാനി | - | ആലവട്ടം |
| നന്ദൻ കോടേരി | - | പട്ടുകുട |
| ഗിരീഷ് മുല്ലോത്ത് | - | പട്ടുകുട |
| കോയാത്ത് നാരായണൻകുട്ടി | - | ആലവട്ടം |
| അനിൽകുമാർ LIC | - | ആലവട്ടം |
| കൃഷ്ണദാസ് | - | പട്ടുകുട |
| ഡോ. ലീല | - | പട്ടുകുട |
| സുന്ദരൻ | - | പട്ടുകുട |
| ശാരദ ടീച്ചർ ഇരിക്കാലി | - | പട്ടുകുട |
| ശശി ദേവി നിവാസ് | - | പട്ടുകുട |
| മോഹൻദാസ് പടിഞ്ഞാറെപുരയ്ക്കൽ | - | പട്ടുകുട |
| സിന്ധു | - | പട്ടുകുട |
| അരവിന്ദ് ബാലകൃഷ്ണൻ | - | പട്ടുകുട |

## 2016–ലെ പൂരങ്ങൾക്ക് കോലമാല സമർപ്പിച്ചവർ

വിശ്വനാഥൻ പെരുവനം, മണികണ്ഠൻ, രാധിക കോയാത്ത്, മണി തിരുവുള്ളക്കാവ്, സുന്ദരൻ, രാധ ആത്ര

### ആദരാഞ്ജലികൾ



അടിയാട്ട് അയ്യപ്പൻ



## പൂരങ്ങൾക്ക് അണിനിരക്കുന്ന ഗജവീരന്മാർ

- തിരുവമ്പാടി ശിവസുന്ദർ
- തിരുവമ്പാടി ചന്ദ്രശേഖരൻ
- തിരുവാണിക്കാവ് രാജഗോപാലൻ
- അന്നമനട ഉമാമഹേശ്വരൻ
- പാല കുട്ടിശങ്കരൻ
- പാറന്നൂർ നന്ദൻ
- ബാസ്റ്റ്യൻ വിനയസുന്ദർ
- ചെർപ്പുളശ്ശേരി ശ്രീ അയ്യപ്പൻ
- തെച്ചിക്കോട്ടുകാവ് ദേവീദാസൻ
- തിരുമാറാടി പരശുരാമൻ
- പാറമേക്കാവ് ദേവീദാസൻ
- പൂതൃക്കോവിൽ പാർത്ഥസാരഥി
- തിരുവമ്പാടി അർജ്ജുനൻ



ചെർപ്പുളശ്ശേരി ശ്രീ അയ്യപ്പൻ



തെച്ചിക്കോട്ടുകാവ് ദേവീദാസൻ



തിരുമാറാടി പരശുരാമൻ



പാറമേക്കാവ് ദേവീദാസൻ



പൂതൃക്കോവിൽ പാർത്ഥസാരഥി



തിരുവമ്പാടി അർജ്ജുനൻ

**ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി ഭാരവാഹികൾ**

| | | |
|---|---|---|
| ചെയർമാൻ | - | കെ. രാജീവ്മേനോൻ |
| വൈസ് ചെയർമാൻമാർ | - | എ. ഉണ്ണികൃഷ്ണൻ, ഷിജീവൻ പട്ടത്ത് |
| ജനറൽ കൺവീനർ | - | വേണു പ്പാക്കൽ |
| ജോയിന്റ് കൺവീനർമാർ | - | എം. സുജിത്ത്കുമാർ, കെ.എസ്. ഗിരീഷ് |
| ട്രഷറർ | - | പി.ആർ. സുബ്രഹ്മണ്യൻ (സുഭാഷ്) |



പെരുവനം ആറാട്ടുപുഴ പൂരം 2017

**അംഗങ്ങൾ**

ടി.വി. ശേഖരൻകുട്ടി, പി. സുധാകരമേനോൻ, കെ. വിജയൻ, സുനിൽകുമാർ വരാപ്പുഴ, എൻ.ആർ. ഗോപിനാഥൻ, ശശി കോന്നങ്ങത്ത്, സി.കെ. ശിവശങ്കരൻ, മോഹനൻ കെ., പി. അനിൽകുമാർ മാസ്റ്റർ, പി. ഉണ്ണികൃഷ്ണൻ, പി.വി. മാധവൻ, നാരായണൻകുട്ടി (നിതാവിഹാർ), കെ. നാരായണൻകുട്ടി, കെ. ദേവദാസ് മേനോൻ, രാജു കടാമ്പുഴ, സുജിത്ത് വിജയൻ, അർജ്ജുനൻ കോന്നങ്ങത്ത്, കെ. കൃഷ്ണപ്രസാദ്, ജയകൃഷ്ണൻ, കെ. നന്ദുകൃഷ്ണൻ, വിഷ്ണുമേനോൻ, എ. ചന്ദ്രശേഖരൻ, അനിൽകുമാർ സി., വിഷ്ണു കോന്നങ്ങത്ത്, ശരത് എൻ, ജിനേഷ് ആത്ര.

**പ്രധാനവഴിപാടുകൾ**

വെളിച്ചെണ്ണ സമർപ്പണം, ചതുശ്ശതം നിവേദ്യം, നിറമാല

**തിരുവോണ പൂജ**

മംഗല്യത്തിനും, നെടുമംഗല്യത്തിനും, സർവ്വൈശ്വര്യത്തിനും വേണ്ടിയുള്ള തിരുവോണപൂജ എല്ലാ മാസവും തിരുവോണ നാളിൽ ദീപാരാധനയ്ക്കു ശേഷം നടത്തുന്നു.

**ഭൂമിപൂജ**

ഭൂമി സംബന്ധമായ പ്രശ്നപരിഹാരങ്ങൾക്കായുള്ള ഭൂമി പൂജ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലേയും, തിരുവോണപൂജ സമയത്തും നടത്തുന്നു.

*വിശദവിവരങ്ങൾക്ക്*

**ചേർപ്പ് ഭഗവതി ക്ഷേത്രം**

**ചേർപ്പ് പടിഞ്ഞാട്ടുമുറി, തൃശ്ശൂർ - 680 561**

**ഫോൺ : 0487 2341151, മൊബൈൽ : 9447641797, 9400741151**

E-mail : cherpubhagavathi@gmail.com

ഡിഡി, ചെക്ക് എന്നിവ

**കൺവീനർ, ചേർപ്പ് ഭഗവതി കൾച്ചറൽ & ഫെസ്റ്റിവൽ കമ്മിറ്റി**

എന്ന പേരിൽ എടുക്കേണ്ടതാണ്.

അക്കൗണ്ട് നമ്പർ : **32834575928, IFSC Code : SBIN0008606**

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചേർപ്പ് ബ്രാഞ്ച്




Electronika

STILLS & VIDEOS



CHERPU WEST,
Near SOPANAM
Mob 9447442473

ERAVU, AARAMKALLU
THRISSUR
OFF:0487 2311466

Professional photography

FHD WEDDING VIDEO



candid photos | wedding highlights | FHD video

Helicam | Steadycam | Wedding Photo Book



Special Album & Video



മാഗസിൻ കല്ല്യാണ ആൽബം 12,000 മുതൽ

നിശ്ചയം + കല്ല്യാണം മാഗസിൻ ആൽബം 17,000 മുതൽ

ഹെലിക്യാം + സ്റ്റെഡിക്യാം + സോഫ്റ്റ് ക്യാം + വെഡ്ഡിംഗ് പ്രൊമോ + FHD pendrive 39,000 മുതൽ

പിറന്നാൾ, മാമോദീസ, മാഗസിൻ ആൽബം 5000 മുതൽ

# ഗൗരീദേവി പുരസ്ക്കാരം
# ശ്രീ കുമ്മത്ത് അപ്പുനായർക്ക്



**മകീര്യം പുറപ്പാട് ദിവസം (2017 ഏപ്രിൽ 2 ഞായറാഴ്ച)**
**വൈകീട്ട് 7 മണിക്ക് ചേർപ്പ് ഭഗവതി ക്ഷേത്രനടയിൽ വെച്ച് സമർപ്പിക്കുന്നു.**

മാടായിക്കോണത്ത് കുന്നത്തൂർ മാടായിക്കൽ എന്ന സ്ഥാനപ്പേരുള്ള മകൻ മൂസ്സ് നാരായണൻ നമ്പൂതിരിയുടേയും, ചേർപ്പിൽ കുമ്മത്ത് പാർവ്വതി അമ്മയുടേയും മകനായി കൊല്ലവർഷം 1105–ലാണ് ശ്രീ. അപ്പുനായരുടെ ജനനം. അമ്മാവന്മാരായ കുമ്മത്ത് കുമാരൻനായരുടേയും, ഗോവിന്ദൻനായരുടേയും കീഴിൽ പാനച്ചടങ്ങുകൾ, ചെണ്ട തുടങ്ങിയവ അഭ്യസിച്ചു. തൃശൂർ കിഴിയേടത്ത് കൃഷ്ണൻകുട്ടിമാരാരാണ് മദ്ദളത്തിൽ ഗുരു. ആലവട്ടം രാമൻ നായർ എന്നറിയപ്പെടുന്ന കലാകാരനിൽ നിന്നും പൂക്കാവടികളും, ഗോപുരക്കാവടികളും, ആനച്ചമയങ്ങളും, ആലവട്ടങ്ങളും ഉണ്ടാക്കാൻ പഠിച്ചു.

30 വർഷക്കാലം തൃശൂർ പൂരത്തിന് പാറമേക്കാവിലും തിരുവമ്പാടിയിലും മാറിമാറി മദ്ദളം കൊട്ടിയിട്ടുണ്ട്. ഉത്രാളിക്കാവ് പൂരത്തിന് വടക്കാഞ്ചേരി വിഭാഗം 36 വർഷത്തെ നിസ്വാർത്ഥ സേവനത്തിനും, ചേർപ്പ് പൂരാഘോഷ കമ്മിറ്റി, പെരുവനം പൂരത്തിൽ ചേർപ്പിന്റെ പഞ്ചവാദ്യത്തിന് 50 വർഷത്തെ സേവനത്തിനും, മേക്കാവിൽ ഭരണിയ്ക്ക് 60 കൊല്ലത്തെയും, വെളിയന്നൂർ ക്ഷേത്രത്തിൽ 28 വർഷത്തേയും, പയ്യൂർക്കാവിൽ 36 വർഷത്തേയും, ആമലത്തുകുളങ്ങര 30 വർഷത്തേയും സേവനത്തിന് സ്വർണ്ണപ്പതക്കം നൽകി ആദരിച്ചിട്ടുണ്ട്. 2000–ലെ കടവല്ലൂർ അരവിന്ദാക്ഷൻ സ്മാരക അവാർഡും ലഭിച്ചിരുന്നു.

പെരുവനം ഗ്രാമത്തിൽ ചേർപ്പിൽ പൂത്തറയ്ക്കൽ പറമ്പിൽ വീട്ടിൽ വിലാസിനി അമ്മയാണ് ഭാര്യ. രണ്ടു പുത്രന്മാർ, നാലു പുത്രികൾ.

മരുമക്കളായ നന്ദനൻ, പരേതനായ കുമ്മത്ത് വേണു, ഗിരീഷ് എന്നിവരും, ചെറിയമ്മയുടെ മകനായ വൈക്കം ക്ഷേത്രവാദ്യ കലാപീഠം അദ്ധ്യാപകൻ രാമൻകുട്ടിയും വാദ്യരംഗത്ത് ശ്രദ്ധേയരാണ്. ശ്രീ. മണിയം പറമ്പിൽ മണിയും, പറമ്പിൽ നാരായണനും വത്സല ശിഷ്യന്മാരാണ്.






# പെരുവനം അപ്പുമാരാർ സ്മാരക പുരസ്ക്കാരം
## ശ്രീ. പഴുവിൽ രഘുമാരാർക്ക്

**2017 ഏപ്രിൽ 6 വ്യാഴാഴ്ച രാവിലെ 7.30ന്**
**ചേർപ്പ് ഭഗവതിയുടെ പഞ്ചാരിമേളം കൊട്ടികലാശിച്ച ശേഷം സമർപ്പിക്കുന്നു.**

തൃശ്ശിവപേരൂർ താലൂക്കിലെ പഴുവിൽ മാരാത്ത് മാധവമാരാരുടെയും ചക്കംകുളങ്ങര മാധവിമാരസ്യാരുടെയും മകനായി 1960-ൽ സി.എം. രഘുനാഥൻ (പഴുവിൽ രഘുമാരാർ) ജനിച്ചു. വൈലൂർ പന്തല്ലൂർ സ്കൂളിലും പഴുവിൽ സെന്റ് ആന്റണീസ് സ്കൂളിലും വിദ്യാഭ്യാസം പൂർത്തീകരിക്കുന്നതിനിടയിൽ തന്നെ ചെണ്ടവാദനത്തിന്റെ പ്രാഥമിക പാഠങ്ങൾ പിതാവിൽ നിന്നും ഹൃദ്യസ്ഥമാക്കി. 1979-ൽ ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിൽ ചേർന്ന് നാല് വർഷം കുഞ്ചുണ്ണി ആശാന്റെ കീഴിൽ തായമ്പകയും കേളിയും അഭ്യസിച്ചു. ഇക്കാലയളവിൽ തന്നെ അദ്ദേഹം കഥകളി ചെണ്ടയും അഭ്യസിച്ചു. പ്രശസ്ത മേളകലാചാര്യനും കേരള സംസ്ഥാന പ്രഥമ പല്ലാവൂർ അപ്പുമാരാർ സ്മാരക പുരസ്കാര ജേതാവു കൂടിയായ യശ്ശശരീരനായ ചക്കംകുളം അപ്പുമാരാരുടെ സഹോദരീപുത്രനും കൂടിയാണ് ശ്രീ. രഘുമാരാർ.

1980-ൽ ഇദ്ദേഹം പഴുവിൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രസന്നിധിയിൽ തായമ്പക അരങ്ങേറ്റം കുറിച്ചു. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ 1981-ലെ ഉത്സവത്തിന് രഘുമാരാരുടെ ചെണ്ട പുറപ്പാടോടെയാണ് കഥകളി അരങ്ങേറിയത്. പിന്നീട് കുമരപുരം അപ്പുമാരാരുടെയും മഠത്തിൽ നാരായണൻകുട്ടി മാരാരുടെയും കീഴിൽ ചെണ്ട അഭ്യസിച്ചു. രഘുമാരാരുടെ അമ്മാവനായ വൈലൂർ അനിയൻ മാരാരുടെ ശിക്ഷണത്തിൽ ക്ഷേത്രാചാര ചടങ്ങുകളിൽ പ്രധാനപ്പെട്ട വലിയ പാണി, ഉത്സവബലി, കലശം എന്നിവയിൽ ചെണ്ടയും പാണിയും പ്രയോഗിക്കാൻ അഭ്യസിച്ചു. ഈ പ്രയോഗത്തിൽ മധ്യകേരളത്തിൽ പ്രാവീണ്യം നേടിയ മാരാന്മാരിൽ ശ്രേഷ്ഠ കലാകാരനാണ് ശ്രീ. പഴുവിൽ രഘുമാരാർ. പഞ്ചാരിമേളത്തിന്റെ കുലപതിയായിരുന്ന യശഃശരീരനായ ശ്രീ. പെരുവനം അപ്പുമാരാരുടെ കൂടെയാണ് രഘുമാരാർ മേളസപര്യയ്ക്ക് തുടക്കം കുറിച്ചത്. പെരുവനം അപ്പുമാരാരുടെ കാലശേഷം അദ്ദേഹത്തിന്റെ മകൻ പത്മശ്രീ പെരുവനം കുട്ടൻമാരാരുടെ മേള സഹചാരിയായി. 1984-ൽ പഴുവിൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ അടിയന്തിരക്കാരനായി അദ്ദേഹം ചുമതലയേറ്റു. പെരുവനം കുട്ടൻമാരാരുടെ പ്രമാണത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചേർപ്പ്, തൃപ്പൂണിത്തുറ, തൃശ്ശൂർ, ഇരിങ്ങാലക്കുട, കോഴിക്കോട് തളി, ആറാട്ടുപുഴ, ചാത്തക്കുടം എന്നീ മേളങ്ങളിൽ മുൻനിരയിലും എറണാകുളം, കൊടുങ്ങല്ലൂർ, തൃപ്രയാർ, ഗുരുവായൂർ, ചിനക്കത്തൂർ പൂരം, ചിനക്കത്തൂർ മുന്നുണ്ണിക്കാവ് ക്ഷേത്രം, അന്തിക്കാട് വടക്കേക്കര മഹാവിഷ്ണുക്ഷേത്രം എന്നിവിടങ്ങളിൽ പ്രമാണിയായും രഘുമാരാരുടെ ആത്മാത്ഥമായ സജീവ സാന്നിദ്ധ്യം ശ്രദ്ധേയമാണ്.

ഇദ്ദേഹം കേരളത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലും തന്റെ കലാവൈഭവം തെളിയിച്ചിട്ടുണ്ട്. അന്തിക്കാട് വടക്കേക്കര ക്ഷേത്ര വാദ്യ കലാസമിതിയുടെ കീഴിൽ ഇരുനൂറോളം വിദ്യാർത്ഥികൾക്ക് പ്രതിഫലേച്ഛകൂടാതെ അറിവ് പകർന്നുകൊടുക്കുക എന്ന സ്തുത്യർഹമായ സേവനം ഇദ്ദേഹം നിർവ്വഹിക്കുന്നു. അപൂർവ്വ മേളങ്ങളായ അടന്ത, അഞ്ചടന്ത, ധ്രുവം, ചെമ്പട, ചമ്പ എന്നിവയിൽ രഘുമാരാരുടെ പ്രാവീണ്യം എടുത്തുപറയത്തക്കതാണ്. ഇക്കാലയളവിൽ അനവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടിയെത്തി. 2004-ൽ പഴുവിൽ ഗ്രാമത്തിന്റെ അംഗീകാരം വാദ്യശ്രേഷ്ഠ പുരസ്ക്കാരം, 2007-ൽ കനകകങ്കണം, 2008-ൽ പാറമേക്കാവ് സുവർണ്ണമുദ്ര, 2008-ൽ കേളി സുവർണ്ണശംഖ് പുരസ്ക്കാരം, 2009-ൽ മൂർക്കനാട് നന്തി പുരസ്ക്കാരം, 2012-ൽ അന്തിക്കാട് പുത്തൻപള്ളിക്കാവ് മഹാഭദ്രകാളി ക്ഷേത്രം ശ്രീഭദ്ര പുരസ്ക്കാരം, ചേറ്റുപുഴ കണ്ണപുരം പുരസ്ക്കാരം, മാങ്ങാട്ടുകര ശ്രീരാമസ്വാമിക്ഷേത്രം രാഘവീയം പുരസ്ക്കാരം, തൃപ്പൂണിത്തുറ താമരംകുളങ്ങര ശ്രീശാസ്താ പുരസ്ക്കാരം, ആറാട്ടുപുഴ ശ്രീശാസ്താ പുരസ്ക്കാരം, പെരിങ്ങോട്ടുകര തിരുവാണിക്കാവ് ശ്രീഭദ്ര പുരസ്ക്കാരം, 2015-ൽ പെരിങ്ങോട്ടുകര നമ്പൂതിരി യോഗക്ഷേമസഭ സുരശ്രുതി പുരസ്ക്കാരം എന്നിവ അവയിൽ ചിലതുമാത്രം.


CSC Bank
CHERPU SERVICE CO-OPERATIVE BANK
H.O.PERUMBILLISSERY P.O.CHERPU
Branches: CHEVOOR,CHERPU (WEST),THAYAMKULANGARA,PERINCHERY




വജ്ര ജൂബിലി
സഹകരണ സൂപ്പർ മാർക്കറ്റ് A/C

2-ാം വയസ്സിലേയ്ക്ക്

ഹെഡ് ഓഫീസ് ബിൽഡിംങ് - പെരുമ്പിള്ളിശ്ശേരി Ph:0487-2345185

ഗുണമേൻമയുടെയും വിലകുറവിന്റെയും
വിസ്മയ ലോകത്തേയ്ക്ക്
ഏവർക്കും സ്വാഗതം

അര കിലോ റിപ്പിൾ ചായപൊടി വാങ്ങുമ്പോൾ
ഒരു കിലോ പഞ്ചസാര സൗജന്യം..
രണ്ട് ഇന്ദുലേഖ സോപ്പ് വാങ്ങുമ്പോൾ
ഒരു ഇന്ദുലേഖ സോപ്പ് സൗജന്യം..



പലചരക്ക്,ലേഡീസ് ചോയ്സ്,സ്റ്റേഷണറി,ഗിഫ്റ്റ് & പ്രസന്റേഷൻസ് തുടങ്ങി
നിങ്ങൾക്കാവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും ഒരു കുടകീഴിൽ...

ഇനി ഷോപ്പിങ്ങ് ഒരു
ആഘോഷമാക്കാം...

വിശാലമായ
പാർക്കിംഗ്
സൗകര്യം

പ്രവർത്തന സമയം
രാവിലെ 9.00 മുതൽ രാത്രി 9.00 വരെ
ഞായർ തുറന്ന് പ്രവർത്തിക്കുന്നതാണ്



എല്ലാവിധ ക്രെഡിറ്റ്/ ഡെബിറ്റ്
കാർഡുകളും
സ്വീകരിക്കുന്നതാണ്.

# PREMIUM VILLAS AT URAKAM

FORUS
**BOUGAIN VILLAS**
Near Kandeswaram Temple, Urakam, Thrissur



FORUS INITIATIVES

Forus Initiatives, Forus Town House Chembukkavu,
Thrissur -20 Ph:8086 494949 ,9447254520
www.forusbuilders.com

*With Best Complemets*

# THE KONDAZHY SERVICE CO-OPERATIVE BANK LTD. NO. 678

**P.O. KONDAZHY, THRISSUR DT. PIN - 679 106**
e-mail : kondazhyscb@gmail.com

**Fully Computerised**

**Branches :**

| H.O : Kondazhy | Mayannur | Chelakode |
|---|---|---|
| Phone : 04884 286221 | Phone : 286979 | Phone : 253800 |

**Our Services :**

- Attractive interest rate for Fixed Deposits.
- ½% more interest for Senior Citizens.
- Saving Bank Accounts with 4.5% interest.
- Recurring Deposits and Monthly Deposit Scheme.
- Gold Loan with low interest.
- Short Term & Long Term Loan with low interest.
- Agricultural Loan with 7% interest.
- Neethi Store, Mannure & Presticides Sales.

President
**V. Aravindhakshan**

Secretary
**C.M. Leema**



HONDA
പ്രാർത്ഥനാശംസകളോടെ...
ശ്രീവരി ഹോണ്ട
HONDA
THE POWER OF DREAMS
No. 1 Selling Two-Wheeler
Activa
അവതരിപ്പിക്കുന്ന
പുതിയ നവി
HONDA
NAVI
ഉടൻ ഡെലിവറി
Activa 125cc
Activa i
110cc
CB Unicorn 150
Hornet
CB Shine SP
CBR 150R
CBR 250R
Srivari Honda
തൃശൂർ
കിഴക്കേകോട്ട
Tel : 9745778989
കുരിയച്ചിറ
മെയിൻറോഡ്
Tel : 9539188889
കുന്നംകുളം
പാറേംപാടം
Tel : 9539063889
വടക്കാഞ്ചേരി
അകമല
Tel : 9745306889
പഴയന്നൂർ
ആലത്തൂർ റോഡ്
Tel : 9645681789




**Our Services :** Foreign Exchange • Air Ticketing / Tours • Gold/ Vehicle / Personal Loans

Do not litter.
Keep your surrounding clean.